## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 941 | 11.03.2015 -ലെ മറുപടിക്ക്

### തൊഴിലാളികളുടെ സുരക്ഷ

**ചോദ്യം**

ശ്രീ. സി.ദിവാകരൻ :

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) തൊഴിലാളികളുടെ സുരക്ഷ ഉറപ്പ വരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ ;

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പ് വരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതാണ്. ഇതിൽ ഫാക്ടറീസ് ആക്ട് അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പാണ്. മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പരിശോധനകൾ നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓഫിസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തി വരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ തുടങ്ങിയ വകുപ്പുകളെകൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താറുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കേരള മുൻസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിൽ പണി യെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പരിപാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

(ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം 2014 വർഷത്തിൽ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 475 സ്ഥാപന ങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 40 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ